മതകാര്യങ്ങളിലെ സംശയങ്ങൾ മതത്തിൽ നിന്നും അകറ്റരുത്

അശ്റഫ് അൽ ഹികമി

ജീവിതത്തിൽ നാം അഭിമുഖീകരിക്കുന്ന പരീക്ഷണങ്ങളിലെ വളരെ പ്രധാനപ്പെട്ട ഒന്നാണ് മതകാര്യങ്ങളിൽ സംശയം ജനിക്കുക എന്നത്.

മതത്തിന്റെ ഉൾസാരം മനസ്സിലാകാതെ തെറ്റിദ്ധരിച്ചു പോകുന്നത് ഒരാൾ യഥാർത്ഥത്തിൽ മതത്തിൽ നിന്ന് തന്നെ പുറത്തു പോകാൻ കാരണമാകുന്ന വലിയ പരീക്ഷണമാണ്.

ചരിത്രത്തിലേക്ക് കണ്ണോടിക്കുമ്പോൾ നമുക്കിത് വ്യക്തമാണ്. ഇസ്ലാമിനെതിരെയും മുഹമ്മദ് നബി (സ്വ)ക്ക് എതിരെയും കടന്നു വന്ന ഏത് കക്ഷികളെ എടുത്തു പരിശോധിക്കുമ്പോഴും യഥാർത്ഥ ആശയത്തെ ഉൾക്കൊള്ളാൻ കഴിയാതെ പോയി എന്നതാണ് പ്രധാന കാരണം എന്നു കണ്ടെത്താൻ കഴിയും. അതിനു വഴിവെച്ചത് മതത്തിലെ അജ്ഞതയും സംശയങ്ങളുമാണ്. ചിലർ ബോധപൂർവ്വമായി സംശയങ്ങൾ ജനിപ്പിച്ചു മറ്റു ചിലർ അറിയാതെ പെട്ടുപോയി. ആധുനികയുഗത്തിൽ ഇത്തരം സംശയാസ്പദമായ കാര്യങ്ങൾ ജനിപ്പിക്കുക വഴി പലരിലും മതത്തെക്കുറിച്ച് തെറ്റിദ്ധാരണകൾ പരന്നിട്ടുണ്ട്. പ്രത്യേകിച്ച് സോഷ്യൽ മീഡിയ ഉപയോഗിക്കുന്നവരിലേക്ക് ധ്രുതഗതിയിൽ ഈ ഫിത്ന പടരുന്നതായി നാം കാണുന്നു.

അതിനായി പ്രത്യേകം Shorts, Reels, Comedy, Film എന്നിവകൾ അണിയറയിൽ തകൃതിയായി നടക്കുന്നു. ഇവയിലൂടെ നാം പോലും അറിയാതെ മതബോധവും മത മൂല്യങ്ങളും ഒലിച്ചുപോകുന്നു.

ജമാഅത്തിൽ കൃത്യമായി പങ്കെടുത്തിരുന്ന സുഹൃത്ത് പിന്നീട് പതിയെ പതിയെ ഉൾവലിയുകയും പിന്നീട് നമസ്കാരം തന്നെ ഒഴിവാക്കുന്ന അവസ്ഥയിലേക്ക് എത്തുകയും ചെയ്ത സുഹൃത്തിന്റെ അനുഭവം കേൾക്കാനിടയായി.

അദ്ദേഹം എവിടുന്നോ കണ്ട ചില വീഡിയോകൾ ആയിരുന്നു അതിനുള്ള കാരണം. മാത്രവുമല്ല ഇന്ന് ക്രമാതീതമായി X- muslims വർദ്ധിക്കുന്നു. അവരിൽ വീട്ടമ്മമാരും പുതുതലമുറയിയിൽ പെട്ടവരുമുണ്ട്.

ഉത്തരം ഘട്ടത്തിൽ നാം എന്ത് നിലപാട് സ്വീകരിക്കണം? ഇതിന് പ്രധാനമായും രണ്ട് അവസ്ഥകൾ ഉണ്ട്

1.ആരോഗ്യകരമായത്

അഥവാ ഇത്തരം ആളുകളുടെ ആശയങ്ങളിൽ നിന്നും സംസാരങ്ങ

ളിൽ നിന്നും പരിപൂർണ്ണമായും വിട്ടുനിൽക്കുക. അത്തരം സൈറ്റുകൾ, പുസ്തകങ്ങൾ, വീഡിയോകൾ എന്നിവ ഒരിക്കലും ഉപയോഗിക്കാതിരിക്കുക. അവർക്ക് പറയാനുള്ളത് കേൾക്കട്ടെ എന്ന ചിന്ത പോലും നാം ഒഴിവാക്കുക .

അല്ലാഹു പറയുന്നു :

وَٱلرُّجْزَ فَٱهْجُر (سُورَةُ المُدَّثِّر: ٥)

(പാപത്തെ വെടിയുക)

وَإِذَا رَأَيْتَ ٱلَّذِينَ يَخُوضُونَ فِىٓ ءَايَـٰتِنَا فَأَعْرِضْ عَنْهُمْ حَتَّىٰ يَخُوضُوا۟ فِى حَدِيثٍ غَيْرِهِۦ

''നമ്മുടെ ദൃഷ്ടാന്തങ്ങളെ അപഹസിക്കുന്നതിൽ മുഴുകിയവരെ നീ കണ്ടാൽ അവർ മറ്റുവല്ല വർത്തമാനത്തിലും പ്രവേശിക്കുന്നത് വരെ നീ അവരിൽ നിന്ന് തിരിഞ്ഞുകളയുക.'

وَإِمَّا يُنسِيَنَّكَ ٱلشَّيْطَـٰنُ فَلَا تَقْعُدْ بَعْدَ ٱلذِّكْرَىٰ مَعَ ٱلْقَوْمِ ٱلظَّـٰلِمِينَ [سُورَةُ الأَنْعَامِ: ٦٨]

'ഇനി വല്ലപ്പോഴും നിന്നെ പിശാച് മറപ്പിച്ച് കളയുന്ന പക്ഷം ഓർമ വന്നതിന് ശേഷം അക്രമികളായ ആ ആളുകളുടെ കൂടെ നീ ഇരിക്കരുത്.''

ശരീരത്തിലേക്കും വസ്ത്രത്തിലേക്കും പോലും അനിഷ്ടകരമായത് ബാധിക്കുന്നതിന് ശ്രദ്ധിക്കുന്നവരാണ് നാം. എന്നാൽ എല്ലാ നന്മയുടെയും വിളനിലമായ മനസ്സിനെ ബാധിക്കുന്ന ഇത്തരം അശുദ്ധികളിൽ നിന്നും ശ്രദ്ധിക്കുവാനും നാം പഠിക്കണം .

നമുക്ക് കിട്ടിയ വലിയ നിധിയാണ് ഈമാനും ഹിദായത്തും. അതിനാൽ നാശത്തിലേക്ക് അറിഞ്ഞുകൊണ്ട് പോകരുത്. ഇമാം മാലിക് (റഹി) പറഞ്ഞു :

مهما تلاعبت بشيء فلا تلعبن بدينك

നീ എന്തൊന്നിനെക്കൊണ്ട് കളിച്ചാലും നിന്റെ മതത്തെ കൊണ്ട് കളിക്കരുത് '

ഇസ്‌ലാമിനെതിരെയും മുഹമ്മദ് നബി (സ്വ)ക്ക് എതിരെയും കടന്നുവന്ന ഏത് കക്ഷികളെ എടുത്തു പരിശോധിക്കുമ്പോഴും യഥാർത്ഥ ആശയത്തെ ഉൾക്കൊള്ളാൻ കഴിയാതെ പോയി എന്നതാണ് പ്രധാന കാരണം എന്നു കണ്ടെത്താൻ കഴിയും. അതിനു വഴിവെച്ചത് മതത്തിലെ അജ്ഞതയും സംശയങ്ങളുമാണ്. ചിലർ ബോധപൂർവ്വമായി സംശയങ്ങൾ ജനിപ്പിച്ചു മറ്റു ചിലർ അറിയാതെ പെട്ടുപോയി. ആധുനികയുഗത്തിൽ ഇത്തരം സംശയാസ്പദമായ കാര്യങ്ങൾ ജനിപ്പിക്കുക വഴി പലരിലും മതത്തെക്കുറിച്ച് തെറ്റിദ്ധാരണകൾ പരന്നിട്ടുണ്ട്.

രണ്ടാമത്തെ അവസ്ഥ :

സംശയത്തിൽ കുടുങ്ങിപ്പോവുക. അഥവാ ഇത്തരം സംശയകരമായ കാര്യങ്ങൾ എങ്ങനെയോ കേട്ടുപോയി, വായിച്ചുപോയി. ആരോ നിർബന്ധിച്ചു, ബ്രെയിൻ വാഷ് ചെയ്തു..

കേട്ടപ്പോൾ മുതൽ ഭയങ്കര സംശയം. ഇനി എന്ത് ചെയ്യും ? അവരോട് ചില കാര്യങ്ങൾ :

1. ഈമാനിന്റെ ബലം കൂട്ടുക. അടിയുറച്ചു നിൽക്കുക.

എന്റെ ദീനാണ് ശരി.

ഇതിനൊരു മറുപടിയുണ്ട്,

എനിക്കറിയില്ല എന്നേയുള്ളൂ.

ഉത്തരമില്ല എന്ന അർത്ഥമില്ല.

2. അതിനാൽ അത് കണ്ടെത്തണം.

2. സത്യസന്ധമായി അല്ലാഹുവിലേക്ക് അഭയം തേടുക.

قُلْ إِنَّ ٱللَّهَ يُضِلُّ مَن يَشَآءُ وَيَهْدِىٓ إِلَيْهِ مَنْ أَنَابَ. [سُورَةُ الرَّعْدِ: ٢٧]

'(നബിയേ,) പറയുക: തീർച്ചയായും അല്ലാഹു താൻ ഉദ്ദേശിക്കുന്നവരെ വഴികേടിലാക്കുന്നു. പശ്ചാത്തപിച്ച് മടങ്ങിയവരെ തന്റെ മാർഗത്തിലേക്ക് അവൻ നയിക്കുകയും ചെയ്യുന്നു.'

നാം പ്രാർത്ഥിക്കുക; പെട്ടെന്ന് സംശയം നീക്കിത്തരണേ.

رَبَّنَا لا تُزِغْ قُلُوبَنَا بَعْدَ إِذْ هَدَيْتَنَا

3. കൂടുതൽ ആഴങ്ങളിലേക്ക് പോകാതിരിക്കുക.

മതത്തിൽ സംശയകരമായ എന്തെങ്കിലും കേൾക്കുമ്പോൾ അതിന്റെ ബാക്കി കേൾക്കാനുള്ള ത്വരയുണ്ടാകരുത്.

കൂടുതൽ പരതരുത്.

യൂട്യൂബ് അൽഗോരിതം നമുക്ക് വലിയ വിനയാകും. അത്തരം കാര്യങ്ങൾ തന്നെ വീണ്ടും വീണ്ടും കണ്ടും കേട്ടും പോകും. ഈ അവസരം പിശാച് നന്നായി ഉപയോഗിക്കും.

4. ഒരാളിലേക്കും ഷെയർ ചെയ്യരുത് .

പലരും ചെയ്യുന്ന തെറ്റായ രീതിയാണ് ഇത്തരം ആളുകളുടെ ഹിഡൻ അജണ്ട മനസ്സിലാക്കാതെ അവർ നൽകുന്ന ചോദ്യങ്ങൾ മറ്റു പലരിലേക്കും അയച്ചുകൊടുക്കുക എന്നത്.

ഇങ്ങനെ ചെയ്താൽ ആയിരക്ക

ണക്കിനാളുകൾ നാം കാരനത്താൽ മതത്തെക്കുറിച്ച് സംശയത്തിലായി പ്പോയേക്കാം. അതിനാൽ ഒരിക്കലും ഇത്തരം കാര്യങ്ങൾ അറിഞ്ഞോ അറിയാതെയോ ഷെയർ ചെയ്യാ തിരിക്കുക .

5. ചികിത്സ തേടുക:

നമുക്ക് വല്ല രോഗവും ബാധി ച്ചാൽ എത്രയും പെട്ടെന്ന് നാം ചിന്തിക്കാറുണ്ട്. എന്നാൽ ഇത്തരം സംശയങ്ങൾ നമ്മുടെ ഹൃദയത്തെ യാണ് ബാധിക്കുക. അതിനാൽ എത്രയും പെട്ടെന്ന് രോഗനിർണയം നടത്തി ചികിത്സ തുടങ്ങണം.

അഥവാ മതകാര്യങ്ങൾ കൈ കാര്യം ചെയ്യുന്ന പണ്ഡിതന്മാരോട് ചോദിക്കണം എന്നാൽ അവിടെയും ചില ആളുകൾ ചെയ്യുന്ന അബദ്ധം വേഗം യൂട്യൂബിലും മറ്റും പ്രസ്തുത വിഷയങ്ങൾ അന്വേഷിക്കുന്നു എന്നതാണ്. പലപ്പോഴും കൃത്യമായ മൻഹജുസ്സലഫ് ഉൾക്കൊള്ളാത്ത ആളുകളുടെ വിശദീകരണം കേ ട്ടാൽ അത് ഇതിനെക്കാൾ വലിയ അപകടം വരുത്തും. അതുകൊണ്ട് പ്രാമാണിക യോഗ്യരും വിശ്വസ്തരു മായ പണ്ഡിതന്മാരോട് മാത്രം കാ ര്യങ്ങൾ ചോദിച്ചു മനസ്സിലാക്കാൻ ശ്രമിക്കുക.

പണ്ഡിതാവലംബം ഉണ്ടാകണം.

6.മതത്തിന്റെ സത്യസന്ധതയെ ശരിയായി ഉൾക്കൊള്ളുക .

ഖുർആന് എതിരായ ഒരു കാര്യം, അത് തെറ്റാണ് എന്ന പരിപൂർണ്ണ ബോധം നമുക്കുണ്ടാകണം .

ഇതിന്റെ പഴുതടച്ച മറുപടി നമുക്ക് അറിയില്ലെങ്കിലും ഇത്തരം ആ ശയങ്ങൾ തെറ്റാണ് എന്ന ബോധ്യം നമുക്കുണ്ടാകണം.

കാരണം, അല്ലാഹു പറയുന്നു :

فَذَٰلِكُمُ ٱللَّهُ رَبُّكُمُ ٱلْحَقُّ ۖ فَمَاذَا بَعْدَ ٱلْحَقِّ إِلَّا ٱلضَّلَٰلُ ۖ فَأَنَّىٰ تُصْرَفُونَ

[سُورَةُ يُونُسَ: ٣٢]

’അവനാണ് നിങ്ങളുടെ യഥാർത്ഥ രക്ഷിതാവായ അല്ലാഹു. എന്നിരി ക്കെ യഥാർത്ഥമായുള്ളതിന് പുറമെ വഴികേടല്ലാതെ എന്താണുള്ളത്? അപ്പോൾ എങ്ങനെയാണ് നിങ്ങൾ തെറ്റിക്കപ്പെടുന്നത്?’

ഇത്തരം സംശയങ്ങളിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:

1.ഗൗരവപ്പെട്ട, പ്രചുരപ്രചാരം നേടി യത് മാത്രം ചർച്ച ചെയ്യുക.

ഇത്തരം കക്ഷികൾ ഉന്നയി ക്കുന്ന എല്ലാ വാദഗതികൾക്കും അപ്പോൾ തന്നെ മറുപടി പറയാൻ നിന്നാൽ അവരുടെ വാദഗതികൾ കൂടുതൽ ആളുകളിലേക്ക് എത്തും.

എന്നാൽ ഒരിക്കലും വെച്ച് പൊറുപ്പിക്കാൻ കഴിയാത്ത മറുപടി പറഞ്ഞിട്ടില്ലെങ്കിൽ ആളുകൾ വലിയ ആശയക്കുഴപ്പത്തിലേക്ക് എത്തുമെ ന്ന് ഭയപ്പെടുന്ന വിഷയങ്ങൾക്കാണ് ഏറ്റവും പ്രാധാന്യം നൽകേണ്ടത്.

2.ശരിയായ വിശ്വാസം സ്ഥാപി ച്ചതിനു ശേഷം മാത്രം ഇത്തരം വാദങ്ങൾക്ക് മറുപടി പറയുക .

ഏറ്റവും കൂടുതൽ തെളിവുക ളുടെ പിൻബലം ഇസ്ലാമിനാണ് ഉള്ളത് എന്ന് പ്രഥമ കേൾവിയിൽ തന്നെ ശ്രോതാക്കൾക്ക് ബോധ്യപ്പെ ടാനും തെറ്റിദ്ധാരണ നീങ്ങാനും കാരണമാകും .ആ വിശ്വാസം ഉറച്ചു കഴിഞ്ഞാൽ പിന്നീട് ബാക്കിയുള്ള കാര്യങ്ങൾ എളുപ്പം അവരുടെ മനസ്സിലേക്ക് കയറും.

3.ഖണ്ഡിക്കുവാൻ പ്രാവീണ്യമുള്ള വർ മാത്രം അതിന് ഒരുങ്ങിയാൽ മതി.. ഇല്ലെങ്കിൽ എതിർകക്ഷിയുടെ വാഗ്ധോരണികൾക്ക് മുൻപിൽ കു ഴഞ്ഞു പോകും. യഥാർത്ഥ ആശയം ജനമനസ്സുകളിൽ കെട്ടുപോകും.

4. പഴുതടച്ച മറുപടിയാകണം :

എതിരാളികൾക്ക് ഇനിയൊരു ശ്ര മത്തിന് അവസരം നൽകാത്ത വിധം കാലേക്കൂട്ടി പഴുതടച്ചു രൂപത്തിൽ മറുപടി പറയാൻ ശ്രമിക്കണം.

5.അവസ്ഥകളെ പരിഗണിച്ച് മറുപടി നൽകുക :

ചിലയിടത്ത് വിശദീകരിച്ചു പറയേണ്ടിവരും. അവിടെ അങ്ങനെ യും അല്ലാത്തിടത്ത് ചുരുക്കിയും പറയുക.

വളരുന്ന തലമുറയ്ക്ക് ഇത്തരം അപ കടങ്ങളിൽ നിന്നും സംരക്ഷണം നൽകാനുള്ള മാർഗങ്ങൾ:

1.ഈമാനിന്റെ മാധുര്യം അനുഭവി പ്പിക്കുക :

ചെറുപ്പം മുതൽ തന്നെ അവരെ പള്ളിയിലേക്കും മതപരമായ കാര്യ ങ്ങളിലേക്കു മൊക്കെ ബോധപൂർവ്വം ബന്ധിപ്പിക്കുവാൻ ശ്രമിക്കുക.

2. അവരുടെ ഹിദായത്തിന് മാതാ പിതാക്കളും മറ്റും ആത്മാർത്ഥമായി പരിശ്രമിക്കുക, പ്രാർത്ഥിക്കുക.

3.ഇന്നത്തെ തലമുറയുടെ അവസ്ഥ മനസ്സിലാക്കി പെരുമാറുക .

അല്ലാഹു നമുക്ക് നൽകിയ ഏറ്റവും വലിയ അനുഗ്രഹമായ ഇസ്ലാമിക ആദർശത്തെ വികല മാക്കുവാനും അതുവഴി നമ്മുടെ മനസ്സിൽ അവമതിപ്പ് സൃഷ്ടിക്കു വാനും സംശയങ്ങൾ ജനിപ്പിക്കു വാനും ബോധപൂർവ്വമായ ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ഇത്തരം സംശയങ്ങൾക്ക് മുൻപിൽ പിടിച്ചുനിൽക്കാൻ ഉപരിസൂചിത കാര്യങ്ങളെല്ലാം കൃത്യമായി പക മായി ഉൾക്കൊള്ളുക.

അല്ലാഹു അനുഗ്രഹിക്കട്ടെ. ■

ദൈവത്തെയും മതത്തെയും നിഷേധിക്കുന്നവർ, യഥാർത്ഥത്തിൽ, തങ്ങളുടെ ഇച്ഛകളുടെ പിന്നാലെ പോകുകയാണ്. ഇസ്ലാമിന്റെ വീക്ഷണത്തിൽ, യഥാർത്ഥ യുക്തി അല്ലാഹുവിന്റെ മാർഗനിർദേശത്തിന് വിധേയപ്പെടലാണ്. ഖുർആനും ഹദീസും മനുഷ്യനെ ഈ ലോകത്തിന്റെ താൽക്കാലിക ആകർഷണങ്ങളിൽ നിന്ന് മുക്തനാകാനും പരലോക ജീവിതത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാനും ആഹ്വാനം ചെയ്യുന്നു. ഒരാൾ തന്റെ സമയം ഉപകാരപ്രദമായ രീതിയിൽ ഉപയോഗിക്കുമ്പോൾ, അവൻ തന്റെ ഈ ലോകത്തെയും പരലോകത്തെയും വിജയം ഉറപ്പാക്കുകയാണ്.